**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 198** **07-10-2024 - ൽ മറുപടിയ്ക്ക്**

**തെങ്ങിലക്കടവിലെ കാൻസർ സെന്റർ കെട്ടിടം ഉപയോഗപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2010-ൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ മാവൂർ തെങ്ങിലക്കടവിലെ കാൻസർ സെന്റർ ഭൂമിയും കെട്ടിടവും ഉപയോഗപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | മാവൂർ ക്യാൻസർ സെന്ററിനെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് കീഴിലുള്ള ഒരു ക്യാൻസർ സ്ക്രീനിംഗ് സെന്ററായി മാറ്റുന്നതിന് 05/08/2016 – ലെ സ.ഉ(സാധാ)2174/2016/ ആ.കു.വ പ്രകാരം സർക്കാർ തീരുമാനം കൈക്കൊണ്ടിരുന്നു. തുടർന്ന് ക്യാൻസർ കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റാഫിനെ നിയമിക്കാനും അനുബന്ധ പദ്ധതികൾ സമർപ്പിക്കാനും കോഴിക്കോട് ജില്ലാ പഞ്ചായത്തിനെയും നാഷണൽ ഹെൽത്ത് മിഷനെയും ഏൽപ്പിക്കാൻ 06/02/2021 – ൽ കോഴിക്കോട് ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ക്യാൻസർ കെയർ സെന്ററിലെ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് വേണ്ടി പൊതുമരാമത്ത് വിഭാഗത്തെ ചുമതലപ്പെടുത്തിയും പ്രസ്തുത യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ക്യാൻസർ കെയർ സെന്റർ പ്രാവർത്തികമാക്കുന്നതിലേക്കായി ഒരു കോടി രൂപ 4210-03-105-92-PV എന്ന മൂലധന ശീർഷകത്തിൽ വകയിരുത്തി 23/03/2022 – ലെ സ.ഉ(സാധാ) 663/2022/ആ.കു.വ പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ആരോഗ്യ-വനിത-ശിശു വികസന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 23/03/2022 -ൽ കൂടിയ യോഗത്തിൽ ചർച്ച ചെയ്തിരുന്നു. പ്രസ്തുത യോഗതീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിൽ മലബാർ ക്യാൻസർ സെന്ററുമായും പ്രദേശത്തെ മറ്റ് ഓങ്കോളജി സംവിധാനങ്ങളുമായും കൂടിയാലോചിച്ച് ഇക്കാര്യത്തിലുള്ള ഒരു റിപ്പോർട്ട് തയാറാക്കി സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദേശം നൽകിയതിനെത്തുടർന്ന് കോഴിക്കോട് സർക്കാർ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഒരു യോഗം ചേരുകയുണ്ടായി. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ് |
| (ബി) | ആയത് പ്രാവർത്തികമാക്കുന്നതിന് പ്രസ്തുത ഭൂമിയും കെട്ടിടങ്ങളും ഏറ്റെടുക്കാൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ചുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | തെങ്ങിലക്കടവിലെ കാൻസർ സെന്റർ പ്രാവർത്തികമാക്കുന്നതിന് പ്രസ്തുത ഭൂമിയും കെട്ടിടങ്ങളും ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചുള്ള കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കത്തുകൾ ഒന്നും തന്നെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കോ സർക്കാരിനോ ലഭിച്ചിട്ടില്ലാത്തതാണ്. |
| (സി) | പ്രസ്തുത ഭൂമിയും കെട്ടിടങ്ങളും ജില്ലാ പഞ്ചായത്തിന് ഏല്പിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ? | (സി) | തെങ്ങിലക്കടവിലെ കാൻസർ സെന്റർ പ്രാവർത്തികമാക്കുന്നതിന് പ്രസ്തുത ഭൂമിയും കെട്ടിടങ്ങളും ഏറ്റെടുക്കാൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് സന്നദ്ധത അറിയിക്കുന്ന പക്ഷം ഇക്കാര്യത്തിലെ നടപടി ത്വരിതപ്പെടുത്തി സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ